## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4085** **16.12.2014**- ലെ മറുപടിക്ക്

**അഴീക്കൽ പോർട്ടിൽ മാന്വൽ ഡ്രഡ്ജിങ്ങിന് അനുമതി ലഭിച്ച സഹകരണ സംഘങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.വി.രാജേഷ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) 2010 മുതൽ കണ്ണൂർ ജില്ലയിൽ രജിസ്ററർ ചെയ്ത എത്ര സഹകരണ സംഘങ്ങൾക്ക് അഴീക്കൽ പോർട്ട് അധീനതയിൽ നിന്നും മാന്വൽ ഡ്രഡ്ജിങ്ങിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ ; | (എ) 2010 മുതൽ കണ്ണൂർ ജില്ലയിൽ രജിസ്ററർ ചെയ്ത, സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള 6 സഹകരണ സംഘങ്ങൾക്ക് അഴീക്കൽ പോർട്ട് അധീനതയിൽ നിന്നും മാന്വൽ ഡ്രഡ്ജിംഗിന് അനുമതി ലഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>1. കണ്ണൂർ ജില്ലാ തീരദേശ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം<br>2. അഴീക്കൽ ഹാർബർ വികസന തൊഴിലാളി ക്ഷേമ സഹകരണ സംഘം<br>3. കണ്ണൂർ സോഷ്യൽ വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി<br>4. കണ്ണൂർ അടിസ്ഥാന വികസന ക്ഷേമ സഹകരണ സംഘം<br>5. കണ്ണൂർ പോർട്ട് വർക്കേഴ്സ് ക്ഷേമ സഹകരണ സംഘം<br>6. രാജീവ് ഗാന്ധി ഹൗസിംഗ് കൺസ്ട്രക്ഷൻ സഹകരണ സംഘം |
| ബി) ഇവയിൽ ഒരേ ഉദ്ദേശ ലക്ഷ്യങ്ങൾക്കായി ഒരേ അധികാര പരിധിക്കകത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ഒന്നിലധികം സംഘങ്ങൾ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ? | (ബി) ക്ഷേമ സഹകരണ സംഘങ്ങൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തന പരിധിയുടെ അധിക ലംഘന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ ഒരേ ഉദ്ദേശ ലക്ഷ്യങ്ങൾക്കായി ഒരേ അധികാര പരിധിക്കകത്ത് മേൽ വിഭാഗത്തിലെ സംഘങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**